"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ - ശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷത്തെ പെർഫോർമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ - ശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.203/2026/WCDD തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 412/2024/ഡബ്ല്യുസിഡിഡി തീയതി. 26.10.2024.
2. സ.ഉ.(സാധാ)നം. 171/2025/ഡബ്ല്യുസിഡിഡി തീയതി. 07.05.2025.
3. സ.ഉ.(അച്ചടി)നം.78/2025/എൽ.ബി.ആർ തീയതി.22.08.2025.
4. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 17.04.2026-ലെ KSWDC/EA2/2459/2024/684 നം. കത്ത്.

**ഉത്തരവ്**

മികച്ച പ്രവർത്തനം കാഴ്ച വെച്ച പൊതുമേഖല സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാർക്കും Productivity Linked Bonus നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നല്കിയിട്ടുണ്ട്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് Performance Incentive അനുവദിക്കുന്ന വിഷയം 06.03.2026 ൽ കൂടിയ 208-ാമത് ബോർഡ് യോഗം പരിഗണിക്കുകയും 2024-25 സാമ്പത്തിക വർഷത്തിലും സ്ഥാപനം ലാഭത്തിലായതിനാൽ എല്ലാ വിഭാഗം ജീവനക്കാർക്കും (സ്ഥിരം, കരാർ, ഔട്ട് സോഴ്സിംഗ്, ദിവസ വേതന ജീവനക്കാർക്ക്) മുൻ വർഷങ്ങളിൽ പരാമർശം (1), (2) എന്നിവ പ്രകാരം Performance Incentive നല്കിയതിന്റെ അതേ മാതൃകയിൽ വാർഷിക ശമ്പളത്തിന്റെ (Basic Pay+ DA) യുടെ 8.33 % തുക നല്കുന്നതിന് ബോർഡ് തീരുമാനിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വരുന്ന പരമാവധി ചെലവ് 50 ലക്ഷം രൂപയാണെന്നും വനിതാ വികസന കോർപ്പറേഷന്റെ മികച്ച പ്രവർത്തന നേട്ടം പരിഗണിച്ച് മുൻ വർഷം അനുമതി

നല്കിയതു പോലെ ഈ വർഷവും ജീവനക്കാർക്ക് ബോർഡിന്റെ ശുപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷം Performance Incentive/Productivity Linked Bonus അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷം ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോർമൻസ് ലിങ്ക്ഡ് ഇൻസെന്റീവ് തുടങ്ങിയവ അനുവദിയ്ക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (3)-ലെ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് കേരള സംസ്ഥാന വനിതാ വികസന കോർ പ്പറേഷനിലെ ഡെപ്യൂട്ടേഷൻ വിഭാഗത്തിൽ ഒഴികെയുള്ള ജീവനക്കാരുടെ 2024-25 സാമ്പത്തിക വർഷത്തെ പെർഫോർമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് അനുവദിയ്ക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വനിത ശിശു വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (3518490/PU-C2/90/2026-FIN dated 05.06.2026).

തൊഴിൽ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 15-06-2026 12:31:38
സെക്ഷൻ ഓഫീസർ